**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1471** **06-03-2020 -ലെ മറുപടിയ്ക്ക്**

**മരട് ഫ്ലാറ്റുകളുടെ നിർമാണത്തിനുള്ള അനുമതി**

| **ചോദ്യം** | | **മറുപടി** |
|---|---|---|
| **ശ്രീ.ടി.ജെ. വിനോദ്:** | | **ശ്രീ. എ.സി. മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) മരട് ഫ്ലാറ്റുകൾക്ക് അനുമതി നൽകിയതുമായി ബന്ധപ്പെട്ട് അനുമതി നൽകിയ കാലത്തെ മരട് പഞ്ചായത്ത് പ്രസിഡന്റിനെ ചോദ്യം ചെയ്യുന്നതിനുവേണ്ടി ക്രൈംബ്രാഞ്ചോ ആഭ്യന്തര വകുപ്പോ തദ്ദേശസ്വയംഭരണ വകുപ്പിനോട് അനുമതി തേടിയിട്ടുണ്ടോ;<br><br>(ബി) തദ്ദേശ സ്വയംഭരണ വകുപ്പ് അനുമതി നൽകിയോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; അനുമതിക്കുവേണ്ടിയുള്ള ക്രൈംബ്രാഞ്ചിന്റെ കത്തിൽ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ? | (എ) യും (ബി) യും | മരട് ഫ്ളാറ്റുകൾക്ക് അനുമതി നൽകിയതുമായി ബന്ധപ്പെട്ട് അനുമതി നൽകിയ കാലത്തെ മരട് പഞ്ചായത്ത് പ്രസിഡന്റിനെ ചോദ്യം ചെയ്യുന്നതിനുവേണ്ടി ക്രൈംബ്രാഞ്ച് അനുമതി തേടിയിട്ടില്ല. എന്നാൽ പഞ്ചായത്ത് പ്രസിഡന്റിനെ പ്രതി ചേർത്ത് അന്വേഷണം നടത്തുന്നതിന് ക്രൈംബ്രാഞ്ച് സർക്കാരിനോട് അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിൻമേൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെ നിയമോപദേശം തേടിയിട്ടുണ്ടെങ്കിലും ആയത് ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ